# വികേന്ദ്രീകരണവും അല്മായ പങ്കാളിത്തവും
# തിരുവനന്തപുരം ലത്തീൻ അതിരൂപത

രണ്ടാം വത്തിക്കാൻ കൗൺസിൽ തുറന്നുവച്ച നവ ചൈതന്യം തിരുവനന്തപുരം പ്രാദേശിക സഭയുടെ അജപാലന, വിശ്വാസ പരിശീലന, ആരാധന രംഗങ്ങളിലും പ്രേഷിത പ്രവർത്തനങ്ങളിലെ ആഴമായ പങ്കാളിത്തത്തിലും നവോന്മേഷമേകി. തൽഫലമായി അല്മായ പരിശീലനത്തിനായിത്തന്നെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററും സ്ഥാപിച്ചു. അല്മായ പരിശീലന രംഗത്തെ ഈ പുത്തൻ ചുവടുവയ്പും, വിശ്വാസ പരിശീലനരംഗത്തെ നൂതന കാൽവയ്പുകളും, ഇടവകകളിലെ അജപാലന സമിതികളുടെ രൂപീകരണവും പ്രേഷിത പ്രവർത്തന രംഗത്ത് പുത്തൻ സാന്നിദ്ധ്യമായി.

തിരുവനന്തപുരം രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളെ കുറിച്ചുള്ള ചർച്ചാവേളയിൽ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനുമായി 'വൈദീക ഒത്തുവാസം' തീരുമാനിക്കുകയും 1987 ഒക്ടോബർ 1 മുതൽ 5 വരെ സംഘടിപ്പിക്കുകയും ചെയ്തു. അല്മായ പങ്കാളിത്തം വിവിധ ശുശ്രൂഷാ പ്രവർത്തനങ്ങളിൽ ഉറപ്പു വരുത്തുന്നതിനും, അല്മായർക്ക് മുഖ്യപ്രാതിനിധ്യമുള്ള രൂപത പാസ്റ്ററൽ കൗൺസിൽ സമയബന്ധിതമായി ഇടവക കൗൺസിലുകൾ രൂപീകരിച്ചു കൊണ്ട് നടപ്പിലാക്കാനും തീരുമാനിച്ചു. വിവിധ ശുശ്രൂഷകൾക്കുള്ള ഡയറക്ടർമാർ, ഇടവക വൈദീകർ തുടങ്ങിയവർക്കും കാലാവധിയും നിശ്ചയിച്ചു.

1990-ൽ അഭിവന്ദ്യ തിരുവനന്തപുരം രൂപതാദ്ധ്യക്ഷൻ നിയോഗിച്ച പഠന കമ്മിഷനുകളിൽ സാമൂഹ്യ ശുശ്രൂഷ സമിതികളുടെ പഠന കമ്മിഷന്റെ നിർദ്ദേശങ്ങൾ രൂപതയിൽ രൂപപ്പെട്ടുവരുന്ന നവപ്രവർത്തനത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

| നിർദ്ദിഷ്ട സമീപന വ്യതിയാനം | |
|---|---|
| Social Service | Social Action |
| Project | Process |
| Priest | People |
| Parish | Village |
| Foreign Fund | Local Fund |
| Donor Driven | Need Based |

പ്രസ്തുത ഗവേഷണ രേഖകൾ പ്രസിദ്ധീകരിച്ചുകൊണ്ട് അഭിവന്ദ്യ സൂസപാക്യം പിതാവ് അയച്ച ''രൂപപ്പെടുന്ന നവദർശനം'' എന്ന രേഖ സമൂഹത്തിലെ ഏറ്റവും എളിയവരെയും, താഴെക്കിടയിലുള്ളവരെയും പുറംതള്ളപ്പെട്ടവരെയും പോലും പൊതുധാരയിലേയ്ക്ക് നയിക്കാനുതകുന്ന 25 മുതൽ 30 വരെ കുടുംബങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള കുടുംബ യൂണിറ്റുകൾ രൂപം നൽകാനുള്ള ഒരാഹ്വാനം കൂടി ആയിരുന്നു. ശബ്ദമില്ലാത്തവരുടെ ശബ്ദമാവുക എന്ന ലക്ഷ്യത്തോടെ യൂണിറ്റ് തലങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ശുശ്രൂഷാ സമിതികൾക്കും, ശുശ്രൂഷകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഇടവക കൗൺസിലുകൾ,

സാമ്പത്തിക സമിതികൾ എന്നിവക്കും ഫൊറോന, രൂപത പാസ്റ്ററൽ കൗൺസിലുകൾക്കും രൂപം നൽകി.

ജനകീയമായി രൂപപ്പെട്ട ഇത്തരം സംവിധാനങ്ങളാണ് ക്രമേണ കരുത്താർജ്ജിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും, അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾക്കും, ആഴക്കടലിൽ മീൻപിടിക്കാൻ വിദേശക്കപ്പലുകൾക്ക് ലൈസൻസ് നൽകിയ നടപടികൾക്കും, പ്രാദേശിക പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് രൂപപ്പെട്ട വികസന സമിതികൾക്കും രൂപം നൽകിയത്.

തിരുവനന്തപുരം അതിരൂപത 2007 ജൂലൈ 1-ാം തിയതി അതിന്റെ സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ ചർച്ചകളിൽ വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫൊറോനകളെ കേന്ദ്രീകരിച്ച് ഫൊറോന വികാരിമാരുടെയും, എപ്പിസ്കോപ്പൽ വികാരിമാരുടേയും നേതൃത്വത്തിൽ പ്രവർത്തനങ്ങളെ ഒരുപടി കൂടി വികേന്ദ്രീകരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു. കൂടാതെ പ്ലാറ്റിനം ജൂബിലിക്കൊരുക്കമായി ഒരു പഞ്ചവത്സരപദ്ധതിക്ക് രൂപം നൽകി നടപടികളാരംഭിച്ചതിന്റെ പ്രഥമവർഷം പൂർത്തിയാവുകയാണ്.

2009 ഏപ്രിൽ മാസം മുതൽ ഇടവകകൾ തയ്യാറാക്കുന്ന കർമ്മപരിപാടികൾ ഫൊറോന വികാരിമാരുടെയും, ഫൊറോന ശുശ്രൂഷ സമിതി കോ-ഓർഡിനേറ്റർമാരുടെയും, എപ്പിസ്ക്കോപ്പൽ വികാരിമാരുടെയും ആഭിമുഖ്യത്തിൽ വിലയിരുത്തി അന്തിമ രൂപം നൽകും. ഫൊറോന ശുശ്രൂഷകളുടെ കർമ്മപരിപാടികൾ ഫൊറോന സമിതികൾ തയ്യാറാക്കി ഫൊറോന കൗൺസിലിൽ അവതരിപ്പിച്ച് അതിരൂപതയ്ക്ക് സമർപ്പിക്കുകയും അതിരൂപത ഡയറക്ടർമാരുടെയും ഫൈനാൻസ് കമ്മിറ്റിയുടെയും അംഗീകാരത്തോടെ നടപ്പിലാക്കും. അതിരൂപതാ ശുശ്രൂഷാ ഡയറക്ടർമാർ / സെക്രട്ടറിമാർ / സ്ഥാപനങ്ങളുടെ മാനേജർമാർ എന്നിവർ തയ്യാറാക്കുന്ന കർമ്മപരിപാടികൾ അതിരൂപത സാമ്പത്തിക സമിതിയുടെ വിലയിരുത്തലോടെ അതിരൂപത പാസ്റ്ററൽ കൗൺസിൽ, വൈദീക സെനറ്റ് എന്നിവയുടെ അംഗീകാരത്തോടെ നടപ്പിലാക്കും.

2009 മുതൽ ഇടവക തലപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ഇടവക മേൽനോട്ട സമിതിയും, ഫൊറോന പ്രവർത്തനങ്ങളെ മേൽനോട്ടം വഹിക്കുന്നതിന് ഫൊറോന മേൽനോട്ട സമിതിയും അതിരൂപത പ്രവർത്തനങ്ങളെ മോൽനോട്ടം വഹിക്കുന്നതിന് അതിരൂപത സമിതിയും പ്രവർത്തിക്കുന്നതാണ്. കൂടാതെ ഇടവക തലത്തിൽ ഇടവക കൗൺസിൽ ശുശ്രൂഷ പ്രവർത്തനങ്ങളുടെ ഏകോപന സമിതിയായും, ഫൊറോന തലത്തിൽ ഫൊറോന കൗൺസിൽ ഫൊറോന പ്രവർത്തനങ്ങളുടെ ഏകോപന സമിതിയും അതിരൂപത തലത്തിൽ അതിരൂപത പാസ്റ്ററൽ കൗൺസിലും, വൈദീക സെനറ്റും അതിരൂപത പ്രവർത്തനങ്ങളുടെ ഏകോപന സമിതിയായും പ്രവർത്തിക്കുന്നതാകുന്നു.

മോൺ. യൂജിൻ എച്ച് പെരേര
വികാരി ജനറൽ